# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3400 29.01.2014-ലെ മറുപടിയ്ക്ക്

## 'ഗ്രാമയാത്ര' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.പി.എ.മാധവൻ | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) 'ഗ്രാമയാത്ര' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സർക്കാരിന്റെ 12.01.2012-ലെ സ.ഉ(സാധാ)നമ്പർ 135/12/തസ്വഭവ ഉത്തരവു പ്രകാരം ഗ്രാമയാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരളത്തിലെ 134 നിയമസഭാ നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലെ ഒരു വാർഡിൽ വിശേഷാൽ ഗ്രാമസഭ ചേർന്നുകൊണ്ടാണ് ഗ്രാമയാത്ര നടത്തുന്നത്. ഈ വിശേഷാൽ ഗ്രാമസഭ ചേരുന്നതിനു മുൻപ് ആ നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും, വയോജനങ്ങൾ, വനിതകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവരുടെ പ്രത്യേക ഗ്രാമസഭകൾ ചേർന്ന് ഗ്രാമയാത്രയിൽ പങ്കെടുക്കുന്നതിനുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. പ്രസ്തുത ഗ്രാമയാത്രയിൽ ബന്ധപ്പെട്ട നിയമസഭാ നിയോജകമണ്ഡലത്തിലെ വിവിധ തലത്തിലുള്ള ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കുന്നു. ഗ്രാമയാത്രയുടെ സംഘാടകർക്ക് ആവശ്യമായ പരിശീലനം കിലയിൽ നിന്നും നൽകുന്നതാണ്. ഗ്രാമയാത്രയുടെ വിജയകരമായ നടത്തിപ്പിനായി ജില്ലാതല മണ്ഡലതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 27.03.2013-ലെ ഇ12-19802/2011-ാം നമ്പർ ഉത്തരവു പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ഗ്രാമയാത്ര പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിയിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഗ്രാമസഭകളെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ബഹു പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഗ്രാമയാത്രകൾ നടത്തുന്നത്. ഭരണത്തിൽ പരമാവധി ജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് അധികാര വികേന്ദ്രീകരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം. ഭരണത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കെടുക്കാൻ അവസരം നൽകുന്ന പ്രത്യക്ഷ ജനാധിപത്യ വേദികളായ ഗ്രാമസഭകളെ സജീവമാക്കിക്കൊണ്ട് മാത്രമേ നമുക്ക് ആ ലക്ഷ്യം നേടാൻ കഴിയൂ. ഗ്രാമസഭകളെ കൂടുതൽ ജനപങ്കാളിത്തമുള്ളവയാക്കുകയും ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക എന്നുള്ളതാണ് ഗ്രാമയാത്ര പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. |
| (സി) | എത്ര പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | 30 നിയമസഭാ നിയോജക മണ്ഡലങ്ങളിൽ ഗ്രാമയാത്ര പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാ മണ്ഡലത്തിലും ഉൾപ്പെട്ട എല്ലാ പഞ്ചായത്തുകളുടേയും പങ്കാളിത്തത്തോടെയാണ് ടി മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ ഗ്രാമയാത്ര നടത്തുന്നത്.<br><br>ആയതിനാൽ ഇതുവരെ ഗ്രാമയാത്ര പൂർത്തിയായ 30 മണ്ഡലങ്ങളിലായി 224 പഞ്ചായത്തുകളിൽ ഗ്രാമയാത്ര പദ്ധതി പൂർത്തിയായി. |
| (ഡി) | ശേഷിക്കുന്ന പഞ്ചായത്തുകളിൽ പദ്ധതി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമയാത്രകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**